LIBRARY ARCHIVES Kerala Legislative Assembly

'കാപ്ഡെക്' പദ്ധതിക്ക് ലഭിച്ച സാമ്പത്തിക സഹായം

22 (4457) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ജനകീയാസൂത്രണത്തെ സംബന്ധിക്കുന്ന കാപ്ഡെക് എന്ന് പേരുള്ള പദ്ധതി അംഗീകരിച്ചുകൊണ്ട് എസ്.ഡി.സി. എന്ത് സാമ്പത്തിക സഹായം നൽകിയെന്നും പ്രസ്തുത സാമ്പത്തിക സഹായം നൽകിയത് ആർക്കാണെന്നും വ്യക്തമാക്കുമോ ;

(ബി) ഈ സാമ്പത്തിക സഹായം വിനിയോഗിച്ചതാരാണെന്നും അവർക്ക് അത് വിനിയോഗിക്കുവാൻ കിട്ടിയതെപ്രകാരമാണെന്നും വിശദീകരിക്കാമോ ?

ഉത്തരം

(എ&ബി) കിലയും എസ്.ഡി.സിയും തമ്മിലുള്ള കരാറിനനുസരിച്ച് മൊത്തം 9 കോടി 53 ആയിരം രൂപ കിലയ്ക്ക് നൽകിയിട്ടുണ്ട്.

എസ്.ഡി.സി. സമർപ്പിച്ച പ്രോജക്ട് പ്രൊപ്പോസലും അനന്തര നടപടികളും

23 (4458) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻഗവൺമെന്റിന്റെ കാലത്ത് സംസ്ഥാന പ്ലാനിംഗ് ബോർഡ് ആരംഭിച്ച 'കപ്പാസിറ്റി ബിൽഡിംഗ് ഫോർ പീപ്പിൾസ് കാംപെയിൻ ഫോർ ഡെമോക്രാറ്റിക് ഡീസെൻട്രലൈസേഷൻ ഓഫ് പ്ലാനിംഗ് ആന്റ് ഡെവലപ്മെന്റ് ഓഫ് പവേഴ്സ് ടു ലോക്കൽ ബോഡീസ്' എന്ന പദ്ധതിയെ ശക്തിപ്പെടുത്തുന്നതിനും സഹായിക്കുന്നതിനുമായി സ്വിസ് ഏജൻസി ഫോർ ഡെവലപ്മെന്റ് ആന്റ് കോ-ഓർഡിനേഷൻ (എസ്.ഡി.സി.) ഒരു പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

(സി) പ്രസ്തുത പ്രൊപ്പോസലിന്റെ ഫലമായി എസ്.ഡി.സി.ഒരു ഫാക്ട് ഫൈൻഡിംഗ് മിഷനെ അയച്ചുവോ ;

(ഡി) ആ മിഷനിലെ അംഗങ്ങൾ ആരെല്ലാമായിരുന്നുവെന്നും അവ സംസ്ഥാനത്ത് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്നും വിശദമാക്കുമോ ;

(ഇ) എസ്.ഡി.സി. പിന്നീട് ഒരു പ്ലാനിംഗ് മിഷനെ അയച്ചുവോ ; എങ്കിൽ അതിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു ;

(എഫ്) ആ മിഷൻ ഒരു ജോയിന്റ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയോ ; എങ്കിൽ അതിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കാമോ ;

(ജി) ആരെല്ലാം ചേർന്നാണ് പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കിയത് ;

(എച്ച്) അവസാനമായി പ്രോജക്ട് ഓൺ കപ്പാസിറ്റി ബിൽഡിംഗ് ഫോർ ഡീസെൻട്രലൈസേഷൻ ഇൻ കേരള (സി.എ.പി.ഡി.ഇ.സി.കെ.) എന്ന പേരിൽ ഒരു പദ്ധതിയുണ്ടാക്കിയോ ;

(ഐ) എങ്കിൽ അതിന്റെ കോപ്പി മേശപ്പുറത്തുവയ്ക്കുമോ ?